# ടി ആർ കെ എച്ച് എസ് എസ് വാണിയംകുളം

T.R.K
Higher Secondary School
Vaniyamkulam




**kytoon** *The word is a portmanteau of kite & balloon*



**Kytoon – Digital magazine 2019-20 of LITTLEKITES UNIT , TRK**

# T.R.K
## Higher Secondary School
### Vaniyumkulam

# kytoon

THE DIGITAL MAGAZINE -19-20 OF TRK


**Prepared by** : ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-20

ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം

**email** : trkhsvkm@gmail.com, littlekites20024@gmail.com

**Phone** : 0466-2227215

**Type setting** : ലിറ്റിൽ കൈറ്റ്സ്, ടി ആർ കെ

**Layout** : Anoop K R, KITE MASTER, TRK

**Printed at** : Made as Digital Magazine

**First Edition** : January, 2020

**Supported by** : KITE, PALAKKAD, Government of Kerala



©ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ, വാണിയംകുളം

# kytoon

**THE DIGITAL MAGAZINE -19-20 OF TRK**

## അവതാരിക -

*k y t o o n – Digital magazine 2019-20 of TRK*

## സന്ദേശങ്ങൾ

- *FROM THE DESK OF HEADMISTRESS…*
- *FROM THE DESK OF HEAD MASTER...*

## വിദ്യാലയ ചരിത്രം -

- *From ദി ഹൈസ്ക്കുൾ വാണിയംകുളം (1951)*
  *To ടി ആർ കെ എച്ച് എസ് എസ് വാണിയംകുളം.*

## മഷികൾ - ആംഗലേയവും മലയാളവും

- *THE CALM & PEACEFUL EVENING*
- *THE VILLAGE TREASURE*
- *FACING NATURAL DISASTERS WITH FAITH*
- *I AM ALONE*
- *THE CAUSES AND CONSEQUENCES OF NATURAL CALAMITIES*
- *( മായ്പ്പ്)*
- *നിസ്സഹായ മനസ്സ്*
- *ബിഗ് സല്യൂട്ട്*
- *ചിന്തകളും, കാരണങ്ങളും ഒരുച്ചപ്പരീക്ഷയും*
- *വേർപാട്*
- *ബന്ധങ്ങൾ*
- *LIFE*

## ചായങ്ങൾ - നിറമുള്ളതും ഇല്ലാത്തതും

## ചിത്രങ്ങൾ - നേട്ടങ്ങളിലേക്ക് ഒരു എത്തിനോട്ടം

## നന്ദി : മാഗസിൻ കമ്മിറ്റി

# kytoon – Digital magazine 2019-20 of TRK

*A **kytoon** or **kite balloon** is a tethered aircraft which obtains some of its lift dynamically as a heavier-than-air kite and the rest aero-statically as a lighter than a air balloon. The primary advantage of a kytoon is that it remains in a reasonably stable position above the tether point, irrespective of the strength of wind, whereas ordinary balloons and kites are less stable.*

*Similarly this (2019-20) years' magazine is an advanced version of last one. Ordinary attempts are less stable and may loss its stability during competitive wind. So we are looking for an updated version irrespective of an ordinary magazine... So we named it as* kytoon. kytoon *include reflections from past and present acheivements of TRK, creations of students and teachers, photographs from various events, QR codes of various videos, blogs and webpages.*

*I would like to thank all my editorial team members for helping me pull this through. It is their willingness to share knowledge, concerns and special insights with fellow beings that has made this magazine possible.*

MAGAZINE EDITOR



T.R.K
Higher Secondary School
Vaniyamkulam

# *FROM THE DESK OF HEADMISTRESS…*

*Nurturing creativity and inspiring innovation are two of the key elements of a successful education, and a school magazine is the perfect amalgamation of both. It harnesses the creative energies of the little kites students , and distills the essence of their inspired imagination in the most brilliant way possible. Hence, I am delighted to know that LITTLE KITES' digital magazine 2019-2020 "**Kytoon** " is ready for publication.*

*I take this opportunity to congratulate the editorial board for bringing out this magazine as per schedule, which in itself is an achievement considering the effort and time required. May wish them further achievements in their own field.*

*NIRMALA GEORGE*

*Headmistress*

*TRKHSS, Vaniyamkulam*

T.R.K
Higher Secondary School
Vaniyamkulam

# *FROM THE DESK OF HEAD MASTER ...*

*Providing ample opportunities in school education is one of the most fundamental obligations we owe to our students because in TRK we are driven by the belief that every student deserves a high quality education.*

*"**Kytoon** " provides an intersection of great challenge and great opportunity for the students to review their efforts and to explore their achievements.*

*I congratulate the team of littlekites' students and the faculty for their tireless efforts that have come to fruition in the form of this magazine "**Kytoon** ". I wish it all success and hope that this tradition that has been set by the current students will be carried through by the following generation of little kites students to come.*


*JAGADEESH P*
*Head Master*
*TRKHSS, Vaniyamkulam*

From

# ദി ഹൈസ്കൂൾ വാണിയംകുളം (1951).

To

# ടി ആർ കെ എച്ച് എസ് എസ്  വാണിയംകുളം




**പാ**ലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിലെ വാണിയംകുളം എന്ന ഗ്രാമത്തിൽ 1951 ൽ സമീപ പ്രദേശത്തെ ഇ എസ് എസ് എൽ സി വിദ്യാലയങ്ങളിലെ കുട്ടികൾക്ക് തുടർപഠനം നടത്തുന്നതിന് ആരംഭിച്ച എസ് എസ് എൽ സി വിദ്യാലയം...."ദി ഹൈസ്കൂൾ വാണിയംകുളം.



സമീപവാസികളുടെ കഠിനാധ്വാനത്തിന്റെയും നിസ്വാർത്ഥ സ്നേഹത്തിന്റെയും കാതൽമരങ്ങളുടെയും കരുത്തിൽ വിദ്യാലയമാരംഭിക്കാൻ മുൻകൈ എടുത്തവർ ഏഴംഗ എഡ്യൂക്കേഷണൽ സൊസൈറ്റി രൂപീകരിക്കുകയും ഒരംഗമായിരുന്ന നാരായണൻ നമ്പീശനെ മാനേജരായി നിയമിക്കുകയും ചെയ്തു. പ്രഥമ പ്രധാനാധ്യാപകൻ ശ്രീ ടി കെ രാമസ്വാമി അയ്യർ. ആദ്യ വിദ്യാർത്ഥി തേർഡ് ഫോറത്തിൽ ചേർന്ന കവളപ്പാറക്കാരി ജാനകി.

പിന്നീട് മാനേജരായി ശ്രീ ഗോവിന്ദൻ നായർ ചുമതല ഏറ്റെടുത്തപ്പോഴാണ് 1957 ൽ ശ്രീ പ്രഭാകരൻ മാസ്റ്ററെ പ്രധാനാധ്യാപകനായി നിയമിച്ചത്. ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലെ (പ്രത്യേകിച്ച് ഹൈസ്കൂളിലെ) പ്രധാനാധ്യാപകനായി 30 വർഷം സേവനമനുഷ്ഠിക്കുക എന്നത് അപൂർവങ്ങളിൽ അപൂർവം. ആ കാലയളവിൽ വിദ്യാർത്ഥികളുടെ ഏറ്റവും പ്രിയപ്പെട്ട അധ്യാപകൻ എന്ന ഖ്യാതിയും പ്രഭാകരൻ മാസ്റ്റർക്ക് സ്വന്തം. " കുട്ടികളെ തോറ്റത് നിങ്ങളല്ല , ഞാനാണ് "  എന്ന് തുറന്നു പറഞ്ഞ ആ നിഷ്കളങ്ക മനസ്സ് 1987 ൽ സർവീസിൽ നിന്ന് വിരമിച്ച ശേഷവും കൈമുതലായി വച്ചിരുന്നു അദ്ദേഹം.

ഇടക്കാലത്ത് ഇന്നത്തെ വിദ്യാലയാന്തരീക്ഷത്തിലേക്കുള്ള നാന്ദികുറിച്ച് ശ്രീ ടി ആർ കുഞ്ഞികൃഷ്ണനെന്ന ടി ആർ വിദ്യാലയം ഏറ്റെടുക്കുകയും പൊളിഞ്ഞു കിടന്നിരുന്ന 9 ബി യിൽ നിന്ന് തുടങ്ങിയ നവീകരണ പ്രവർത്തനങ്ങളിൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിനോടൊപ്പം നിയമനകാര്യങ്ങളിൽ പുലർത്തിയ ജാഗ്രത അദ്ദേഹത്തിന്റെ സ്വപ്നങ്ങളെ യാഥാർഥ്യമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു.

പ്രഭാകരൻ മാസ്റ്റർക്കുശേഷം പ്രധാനാധ്യാപകനായ സി എൻ നായർ എന്ന അതികായനുകീഴിൽ വാണിയംകുളം ഹൈസ്കൂൾ ഒരു നല്ല വിദ്യാലയത്തിന്റേതായ സാമൂഹിക അച്ചടക്കവും കാര്യക്ഷമതയും ശീലിച്ചു.



ശ്രീ രാമകൃഷ്ണൻ മാസ്റ്റർ , ശ്രീമതി ശാന്തകുമാരി ടീച്ചർ എന്നീ പ്രതിഭാധനരായ പ്രധാനാധ്യാപകരുടെ കീഴിൽ മികച്ച വിദ്യാലയമായി വാണിയംകുളം ഹൈസ്കൂൾ അറിയപ്പെടാൻ തുടങ്ങി. ഇതേ കാലയളവിൽ സംസ്ഥാനത്ത് ഒട്ടാകെ പുതിയ പ്ലസ് ടു വിദ്യാലയങ്ങൾ അനുവദിക്കാൻ തുടങ്ങിയ സാഹചര്യത്തിൽ ടി ആർ മറ്റൊരു വിസ്മയവുമായി മറ്റുള്ളവർക്ക് മുൻപേ നടന്നു, പ്രദേശത്തെ ആദ്യത്തെ പ്ലസ് ടു വിദ്യാലയം. ശ്രീമതി എൻ ലീല ടീച്ചർ പ്രധാനാധ്യാപികയായും അതേസമയം പ്ലസ് ടു പ്രിൻസിപ്പാളായും പ്രവർത്തിച്ച് തുടങ്ങിയ വിദ്യാലയത്തിന്റെ പ്ലസ് ടു വിഭാഗത്തിന്റെ ചുമതല ആദ്യം താത്കാലികമായും പിന്നീട് പൂർണമായും ശ്രീ കെ രാജീവ് മാസ്റ്റർക്ക് കൈവന്നു.

1997 ഡിസംബർ 21ന് വാണിയംകുളം സ്കൂളിനെ ഇന്ന് ഈ കാണുന്ന നിലയിലേക്ക് തന്റെ സ്വപ്നങ്ങളിലൂടെ വളർത്തിയ ടി ആർ നമ്മോട് വിടപറഞ്ഞു. ആ വഴിവിളക്കിനോടുള്ള ആദരസൂചകമായി വിദ്യാലയം അദ്ദേഹത്തിന്റെ നാമധേയത്തിൽ അറിയപ്പെടാൻ തുടങ്ങി - **ടി ആർ കെ ഹയർ സെക്കന്ററി സ്കൂൾ വാണിയംകുളം**. 2001ൽ സുവർണ്ണ ജൂബിലി ആഘോഷിച്ച വിദ്യാലയത്തിന് പ്രദേശവാസികളുടെ അകമഴിഞ്ഞ സ്നേഹത്താലും പിന്തുണയാലും കൈവന്നത് ജൂബിലി ഹാൾ എന്ന ഓഡിറ്റോറിയം ആണ്.

ലീല ടീച്ചർക്കുശേഷം രണ്ടു വർഷംമുമ്പ് നമ്മെ വിട്ടുപിരിഞ്ഞ ഭാഗ്യലക്ഷ്മി ടീച്ചർ പ്രധാനാധ്യാപികയായിരുന്ന കാലഘട്ടത്തിലാണ് ടി ആർ കെ സ്കൂൾ വാണിയംകുളം വിവിധ മേളകളിൽ സബ് ജില്ലാ, ജില്ലാ, സംസ്ഥാന , ദേശീയ തലങ്ങളിൽ ശക്തമായ സാന്നിധ്യമായി മാറാൻ തുടങ്ങിയത്. 2001., 2004 വർഷങ്ങളിൽ സംസ്ഥാനത്തെ ഏറ്റവും മികച്ച ഗണിത വിദ്യാലയമായി ടി ആർ കെ മാറി. ഹൈസ്കൂൾ ഓഫീസിന് പുതിയ മുഖവും വിശാലതയും കൈവന്നു. പ്ലസ് ടു പുതിയ ബാച്ചുകൾ അനുവദിച്ചു കിട്ടിയതും അതിനനുബന്ധമായി ഹയർ സെക്കന്ററിക്ക് പുതിയ കെട്ടിടവും സ്വതന്ത്ര ഓഫീസ് സംവിധാനവും കൈവന്നതും ശ്രീ രാധാകൃഷ്ണൻ മാസ്റ്റർ പ്രധാനാദ്ധ്യാപകനായി സേവനം അനുഷ്ഠിച്ച കാലഘട്ടത്തിലാണ്.

തുടർന്ന് ശ്രീമതി പുഷ്പ ടീച്ചറുടെ സാരഥ്യത്തിൽ നേട്ടങ്ങളുടെ പുതിയ മാനങ്ങൾ തേടിയ വിദ്യാലയം കലാ കായിക ശാസ്ത്ര മേളകളിൽ ജില്ലയിൽ ആധിപത്യം ഉറപ്പിക്കുകയും കിരീടം ഒരു ശീലമാക്കുകയും ചെയ്തു. ഈ ചരിത്ര വഴികളിൽ ദേശീയ തലം വരെ ഉയർന്ന കലാ കായിക ശാസ്ത്ര രംഗങ്ങളിലെ നേട്ടങ്ങൾ നിരവധിയാണ്.

ഇപ്പോൾ ഹയർ സെക്കന്ററി വിഭാഗം ശ്രീ കെ രാജീവ് മാസ്റ്ററുടെയും ഹൈസ്കൂൾ വിഭാഗം ശ്രീമതി നിർമ്മല ജോർജിന്റെയും കീഴിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി ടി ആർ കെ സ്കൂൾ വാണിയംകുളം അറിയപ്പെടുന്നു. സംസ്ഥാന മേളകളിൽ പാലക്കാടിന് കിരീടങ്ങൾ നേടിക്കൊടുക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പൊതു വിദ്യാലയമാണ് ഇന്ന് ടി ആർ കെ. ഭൗതിക സാഹചര്യങ്ങളോടൊപ്പം മികച്ച അക്കാദമിക നിലവാരവും പഠ്യേതര മേഖലകളിലെ പ്രോത്സാഹനവും ദൂരവ്യാപകമായി വിദ്യാർത്ഥികളെ വിദ്യാലയത്തിലേക്ക് ആകർഷിക്കുന്നു.

ഇവിടെ പരാമർശിക്കപ്പെടാത്ത പിൻകാല മാനേജർമാർ, വിരമിച്ച അദ്ധ്യാപക - അനദ്ധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, മുൻകാല പി ടി എ ഭാരവാഹികൾ, രക്ഷിതാക്കൾ, നാട്ടുകാർ എന്നിവരടങ്ങുന്ന ഒരു വലിയ സമൂഹത്തെ ഹൃദയത്തോട് ചേർക്കുന്നു. ആ വൻമരങ്ങൾ കൊണ്ട വെയിലിന്റെ തണലിലാണ് ഇന്ന് ഈ കാണുന്ന വിദ്യാലയം തലയുയർത്തി നിൽക്കുന്നത്.

അനൂപ് കെ ആർ
അധ്യാപകൻ

# THE CALM & PEACEFUL EVENING

*When I sat reclined in the bench,*
*I noticed the beauty of nature.*
*I thought he had noticed every inch*
*In things that exist in the nature.*

*I thought how clever the god*
*In making such things in nature*
*But we are also good,*
*In exploiting the nature.*

*This is a beautiful place*
*For us to lead a good life*
*But now, we are destroying this place*
*As simple as cutting fruits with knife.*

*I thought of an important thing*
*That we are too are the creation of the nature*
*But we will think as we are the kings*
*And exploit the nature for our nature.*

*We will realise the importance of nature*
*In one time when we can't do anything*
*And try to protect the nature, we will-*
*Realise that the nature is the true king.*

ABHINAND. K. S
10 – E






# THE VILLAGE TREASURE



*In a small village a boy named Akshay lived. One day he was alone at home. So he felt very bored because his family members went out for an outing.*

*As he was bored he went outside for an adventure. He heard about a treasure in the river. So he went out to find that treasure.*

*The boy was dark, bold and with brown hair. His teeth was white like sugar crystal. He is short but he had the guts to conquer any fear.*

*He went to the river. The river was so beautiful with fresh bluish water,softy stones and cute fishes. He had a great curiosity to see the treasure and to mine*

*it out.*

*The boy go deep into the river and searched for the treasure all over for 2 hours but he could not find out anything. He was so sad. He made a plan to go back to his home.*

*But suddenly a farmer came he asked him about the treasure. The farmer replied that for them the river and the creatures who live there are treasure.*

*The boy understand the treasure does not only having the meaning of gold,diamond or something. He understood that the real treasure is the gift of nature.*

**GANGA.T**

**8th C**

# FACING NATURAL DISASTERS WITH FAITH



*Causes foe the natural calamities are the various activities done by us (human beings).It is sure that human beings are the main cause of the natural calamities. We must think that when we are polluting our nature we self are getting polluted. Man is always linked with nature. So the statement is very correct. By the activities of human numerous living beings are also suffering. Men is always self thinker. We are thinking about our nature and other living beings. This self thinking man's activities are cause of natural calamities.*

*Nowadays we are facing a natural calamities-flood. It destroyed many things. The cause for the flood is also the activities done by the human beings against the nature. How many of us have seen the sun rise? No one is not have seen the sun rise. Nature loves us very much. It is true that we are destroying our nature but in this time too nature loves us very much. Did we loves nature ? Yes, we loves nature when we have any need. For our need only we loves the nature. Nature means mother. No, nature is mother. She take cares us very much like our mother.*



*Causes*

*Deforestation*

*Burning plastics*

*Extensive use of fossil fuels*

*Construction of houses and shopping complex in fields and hills*

*Bore well -extensive use*

*Water us not absorbed into the soil etc.*

*Are main cause of the natural calamities. Can we say that we are not doing it. I myself saying that I had did it.*

*Deforestation*

*It is a main cause of landslides. The scientists are saying that the colour of the Earth is getting black. Trees help human beings very much. Trees can control the soil by their root. These trees are getting destroyed.*

*Construction of house and shopping complex in fields and hills*

*Did you observe that the most of the house and shopping complex which are build at hills and fields are getting destroyed?It is also our fault to build house and shopping complex in the fields and hills.*

**Nandana Pradeep**

**10th E**

# I Am Alone……



***It*** *was a calm evening. In the journey to my happiness . In the busy boggy with a loaf of bread. This was my snacks .I Was very happy to see my parents again, before the trip to start . The train slowly stopped at a tunnel,it was dark. I was only in the mood to see my house .*

*Wow, i exhausted in my hostel, the pressure of books ached my head . It's a relief from this . It started to go . The large approach of the tea makers and shopkeepers .I Was on my childhood memories,just thinking about that . I am left to my home i can't think ,the sufferings of seven years . I slowly packed my bag and my 'camera' my treasure. It was ,the time 'goodbye' the train .*

*I reached at 'kochi railway station' . I surprised i would pick up by any of my relatives, but my mind was wrong , i was alone in my place a small auto taxi stood behind me . Time to enquire, he carried my bag put in the shelves. I was starving . I was living with only a loaf of bread . 'oh' how it changed,a lot,the greenery and nuisance of birds , was went off it's like my coaching centre at 'Hyderabad' . A gate looked with so many bands. I don't know, what happened to me, i think i was surely be in the hospital . My tears flowed into the lock it is their win .*

*THE Win of parents to his own daughter .THEY Surely no need me. When they scold me ,when they slash me i was felt that it was to make me the perfect .I Was wrong ,utterly wrong . I am an orphan a bloody orphan . I was shocked ,when i realised that, i am in the hospital.*

***Nivedhitha Krishna.P.R***

***8th C***






# The Causes And Consequences Of Natural Calamities

In this entire world nature plays a major role in the maintenance of human life . There is a certain amount or percentage ,how much people could leave on earth, if it exceeds (i.e.,population increases)nature would wipe it out. Tsunami,earthquake etc are natural disasters. Normally natural phenomena as takes place in inhabited and non-inhabited places. But when it effect human kind,it turns to a disaster. Disasters are often burden and make consequences to the world.

However ,disasters occur due to many reasons .The prominent among them is or the reason is the exploitation by the humans towards nature. Certain level of exploitation are controlled by mother nature,if it exceeds beyond permitted limit the nature start to react with weapon of disasters. Man's dominance,exploitation is due to his greediness and it is always turns burden for him also.

Over exploitation like cutting trees,use of plastics and over use of fuels etc. ...are results of nature exploitation. Man refuses natures safety and supports natures destruction.

There are many instances due to disasters,which really affects human kind. For example the flood which Kerala had to experience in 2018,entirely shocked the country. Many people lost their precious life. This small area in large world had to face a huge problem in short span .

The earthquake in many parts of the world ,tsunamis,landslides etc. create a huge lose in many parts of the world. Transportation, communication, agriculture, economy of a country is destroyed.

Even after ,these instance the man does not leaves his greediness and is excessively exploiting the nature. But he is paid back later. Quarring,mining, deforestation causes or leads to soil erosion and unhealthy of soil and its texture. Dumping harm waste to water,causes water pollution.

Fumes,harmful gases pollute air .If earth is polluted like this, then the ecosystem gets destructed and ultimately leads the destruction of earth. The beautiful green cover of earth is turning to peace less brown colour. So hurry up all to save environment. Afforestation,protection of air and water,reclaiming paddy field are only the remedies to cure the dreadful wound of mother nature.

The speech made by Leonordo di caprio in a protest in USA is really notable. In that he stresses up on the importance of protecting nature.

RESHMI.S

*10th E*

## .... ( മായ്പ്പ് ) ....

ഒരു പ്രളയത്തിന്,
ഒരു ചുഴലിയ്ക്ക്,
ഒരു തിരയിളക്കത്തിന്
നമ്മോടു പറയാനുള്ളത്
ഭൂമുഖത്തുനിന്ന്
ജീവിതം മായ്ക്കാനാകുമെന്ന്,
സ്വപ്നങ്ങൾ തകർക്കാനുമെന്ന്,
ജാതിയുടെ വേരുകൾ
പിഴുതെറിയാനാകുമെന്ന്,
ഭൂമിയിൽ മനുഷ്യ ജീവിതം
നശ്വരമെന്ന്...

നിസ്സഹായ മനസ്സ്
വേരറുത്തുമാറ്റി
പടർന്നേറാനാവാതെ
വളർച്ച മുരടിപ്പിച്ച്
തളച്ചിട്ടതും
ശാഖകൾ വെട്ടിമാറ്റി
പടർന്നു പന്തലിക്കാനാവാതെ
നിറമാർന്ന സ്വപ്നങ്ങളെ
തല്ലിക്കൊഴിച്ചതും
മരവിച്ച മനസ്സോടെ
നിസ്സഹായയായി
നോക്കി നിൽക്കാനേ
കഴിഞ്ഞുള്ളൂ...

ഗിരിജാകുമാരി
അധ്യാപിക



# ബിഗ് സല്യൂട്ട്

..... ഒന്നാം സൈറൺ (അറിയിപ്പ്! )

..... രണ്ടാം സൈറൺ(സ്റ്റാൻഡ് ബൈ മോഡ്!)

..... മൂന്നാം സൈറൺ (ആക്ഷൻ! )

രണ്ട് ദിവസമായി ഈ സൈറണുകൾ
കേരളത്തെ ഒരേ ലക്ഷ്യത്തിലേക്ക്
നോക്കിപ്പിച്ചു!
ഒരേ മട്ടിൽ ചിന്തിപ്പിച്ചു!
പരിസ്ഥിതി സമൃദ്ധിയോടെ പുലരാൻ,
തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ,
ദൈവത്തിന്റെ സ്വന്തം നാടിനെ
വരും തലമുറകൾക്ക്,
വിശുദ്ധിയോടേകാൻ,
സമൂഹ മനസ്സുകളിൽ
സൈറണുകൾ സദാ മുഴങ്ങട്ടെ......
താക്കീതായി ....
ഓർമ്മപ്പെടുത്തലായി .....
നിയമം ശക്തമെന്നറിയിച്ച് ....
മുഖം നോക്കാതെ
പ്രയോഗിക്കപ്പെടുമെന്നറിയിച്ച്.....
സല്യൂട്ട് !

ജയരാജ്





# ചിന്തകളും, കാരണങ്ങളും ഒരുച്ചപ്പരീക്ഷയും ..........

'ഉത്തരം ,അനന്തതയിൽ നിന്നും ഒഴുകിയൊഴുകി വന്ന്,
തനിയെ പരീക്ഷാപേപ്പറിൽ
ചോദ്യ നമ്പറിനരികിൽ
ചേർന്നിരുന്നെങ്കിൽ..... "
പരീക്ഷാ മുറിയിലെ
മടിയനായ കുട്ടി
വെറുതെ ചിന്തിച്ചു !

ഉറക്കം,,
വിട്ടുമാറാതെ
ശല്യം ചെയ്യുന്ന,
കൗമാര കാമുകനെപ്പോലെ,
കൺപീലിയിൽ തങ്ങാതെ,
അകന്നകന്ന് പോയെങ്കിൽ
എത്ര നന്നായിരുന്നെന്ന്
പരീക്ഷാ മുറിയിൽ
ഫാനിൻചുവട്ടിലിരുന്ന്
ഉറക്കം തൂങ്ങുന്ന
മാഷും ആത്മാർത്ഥമായി
ചിന്തിച്ചു !

ചിന്തകൾ
അന്യോന്യം കൂട്ടിമുട്ടി .....
അവലോകനമായി......
ഒന്ന്, അടുക്കാനുള്ള ക്ഷണമാണ് ....
മറ്റേത് , അകലാനുള്ള അപേക്ഷയും !

ചെക്കൻ
കള്ളൻ!
പഠിക്കാതെ വന്നിരുന്ന്
അർഹതയില്ലാത്തത്
കൊതിക്കുന്നു!
അപ്പുറത്ത്
പാവം മാഷ് ....
ശുദ്ധമാണ്
ആഗ്രഹം!





നൻമയുടെ നേരുമുണ്ട്.....
നമുക്ക് ആ പക്ഷം ചേരാം!
ചിന്തകൾ ധാരണയിലായി.

ഉറക്കം,
പെട്ടെന്ന് ഒച്ചയുണർത്തി ....
ദേഷ്യം കൊണ്ട് വിറച്ചു!
".... ന്റുട്ട് ശ്രുദ്ധി ഹേ!
വയറു നെറയാ ഉണ്ട്,
റൂമിലാ വന്നിട്ട്
ഫാനിനടീലിരുന്ന്,
പേരിന് പോലും
രണ്ട് ചാലാ നടക്കാത്ത,
ഇങ്ങോരും,
പഠിക്കാതെ വന്ന
ആ ക്ടാവും തമ്മിൽ
എന്ത്ട്ട് വ്യത്യാസാ ള്ള് ഹേ?
ഗഡ്യോള് രണ്ടും
സ്വന്തം കടമ്യാ മറ്ന്ന്വൊ.....
ങ്ങട്ടാ നോക്ക്യേ......
ഈ കേസിന്റെ പേരില്
മ്മളെ
ആട്ടിയോടിക്കാനാ വന്നാണ്ട് ലാ?
ഒറപ്പാട്ടാ....
മ്മള് ങ്ങളെ രണ്ടിനേം തട്ടും!
തട്ടും ന്ന് പറഞ്ഞാ
ഒറപ്പായിട്ടും തട്ടും...."

ചിന്തകൾ
അപ്പോൾ
ഓടടാ ഓട്ടം!
പരീക്ഷ
പതിയെ  പതിയെ
പിന്നേം
മുന്നോട്ട് .....

ജയരാജ് കവളപ്പാറ
അധ്യാപകൻ






*വീട്ടുമുറ്റത്തുനിന്നും ചിത്രമെടുത്തപ്പോൾ , രണ്ട് വരി പറഞ്ഞു തന്നാൽ ചിത്രത്തിൽ ചേർത്ത് ഇടാമോ എന്ന് പൂക്കൾ ..... ശരിയെന്ന് പറഞ്ഞു😁 അതാണിത് .....*

# <u>വേർപാട്</u>

***മരത്തിൽ നിന്നും വിറച്ചു വേർപെടുന്നൊരിലപോൽ***

***മേഘജാലകത്തിലൂടെ ഊർന്നുവീഴുന്ന മഴത്തുള്ളിപോൽ***

***തീരത്തുനിന്നകന്നു പോകുന്ന കുഞ്ഞല പോൽ***

***വേർപാട് എന്ന് കേട്ടതും***

***മിഴിയിൽ നിന്നൂർന്നുവീണു കണ്ണുനീർ ...***

*എൻ ദീപ*
*അധ്യാപിക*



# Life...

Tiny crystals from the dark heaven ...

They touch my dry soul and make it happy ...

At that moment, the dark heaven calls back the lovely crystals ...

Two crystals rolls down through my cheeks to meet them back ...

When they met,

The seven brothers of the crystals comes on the blue heaven and

rejoices the soul ...

Aswin

10 th B

കഥ

# ബന്ധങ്ങൾ

ഗോകുൽ വിനായക് സി.ആർ.
10-ാം തരം
ടി.ആർ.കെ. ഹയർ സെക്കണ്ടറി സ്കൂൾ
വാണിയംകുളം - ഒറ്റപ്പാലം

"അച്ഛാ...നിക്കൊരിരുപതുരൂപ തരോ?

"എന്തിനാ?"

"ടെക്സ്റ്റ്ബുക്കിലെന്തോരു ഫ്രാങ്കിന്റെ ഡയറി പഠിക്കാനുണ്ട്. ടീച്ചറ് അതിന്റെ ബുക്ക് വായിച്ച് കഥ എഴുതി വരാൻ പറഞ്ഞു. ബുക്ക്ട്ക്കണംച്ചാ ഇരുപതുരൂപ വേണം

"ഒരു ബുക്ക് വായിക്കാൻ ഇരുപതുർപ്യ? എന്ത് സ്കൂളാ ദ്...!"

"ഒരു ബുക്കിനല്ല, ലൈബ്രറി കാർഡിനാണ്. ഇക്കൊല്ലം മുഴോൻ ബുക്കെടുക്കാം."

"ഉം...നോക്കട്ടെ..."

മോഹനൻ മകളു തിരിഞ്ഞു നടക്കുന്നതും നോക്കി ചിലവുകളുടെ കാര്യമോർത്തു. പണിസീസൺ വരുന്നതും നോക്കിയിരുന്നാൽ ഇനി കാര്യങ്ങൾ നടന്നുപോവില്ല. പെങ്ങൾടെ മോൾടെ കല്യാണമടുത്തുവരികയാണ്. ആവശ്യത്തിനു ഡ്രസ്സില്ലെന്ന പരാതിയൊഴിഞ്ഞുള്ള നേരം മീനാക്ഷിക്കെന്നല്ല ഈ വീട്ടിലാർക്കുമില്ല. പിന്നെ കല്യാണത്തിന്റെ കാര്യം കൂടിയാകുമ്പോഴൊ...

ആ ജോർജ്ജ് എത്തിയിരുന്നെങ്കിൽ ഒരു തുണയായേനെ. കരാറുറപ്പിച്ച് പണിയേറ്റെടുക്കുമ്പോൾ ധൈര്യത്തിനൊരാളു കൂടെ വേണം. കിണറു പണി എന്നു പറഞ്ഞാൽ എല്ലാവർക്കും പറ്റുന്നതല്ല. കുറച്ചു കൈകരുത്തും തഞ്ചവുമൊക്കെ വേണം. അല്ലാത്തോൻ കിണറുകുത്താനിറങ്ങിയാൽ ഒന്നിനു രണ്ടുദിവസത്തെ പണി വരും.

ജോർജ്ജിനെ കുറിച്ചോർത്ത് മോഹനൻ ഭാര്യയുടെ നേരെ തിരിഞ്ഞു.

"എടീ.."

"എന്തെ?"

ഠാറ അടിച്ചുതുവുന്നതിന്റെ തിരക്കിനിടയിലുള്ള ശോഹ്യം പറച്ചിലിൽ അസഹ്യത പ്രകടിപ്പിച്ചുകൊണ്ട് മീനാക്ഷി തിരിഞ്ഞുനിന്നു.

"ഇതേണ്ടൊരു ഇരുപതുർപ്യ പെണ്ണിന് കൊടുത്തേക്ക്. അവൾക്കേതാണ്ട് പുസ്തകം വാങ്ങണത്രെ...."

"ഓഹോ ന്റെ കയ്യിൽ തരിയെടുക്കാനില്ലാന്ന്റിഞ്ഞോണ്ടാ പെണ്ണ് ങ്ടെത്തീത്. ല്ല്യാച്ചാ വേണ്ട... ആ പൊത്തകം വായിക്കണ്ടോന്നാ വെച്ചോട്ടെ" മീനാക്ഷി ഗർവ്വിച്ചു.

"ആ ജോർജ്ജ് സാധനങ്ങളൊക്കി വെച്ചിട്ടാണാ പോയത്? പടിഞ്ഞാപ്രത്ത് തിണ്ണേലൊന്നു നോക്കിക്കാ..."

"ങ്ങക്കങ്ങട് നോക്കിക്കൂടെ? നിക്കിതൊന്നു കഴിഞ്ഞിട്ടുവേണം ടീച്ചർടവിടെ പോയി പാത്രം മോറാൻ...പ്പന്നെ തെരക്കാൻ തൊടങ്ങീട്ടാവും..."

ദേഷ്യം പിടിച്ചെങ്കിലും അവൾടെ വീട്ടുപണീം ഇടയ്ക്കുള്ള തൊഴിലുറപ്പും കൊണ്ടാണല്ലോ കാര്യങ്ങൾ നടന്നു പോകുന്നതെന്നോർത്ത് മോഹനൻ ഒന്നും മിണ്ടാതെ പിന്നാമ്പുറത്തേക്കു നടന്നു.

കുമ്മായം തേയ്ക്കാത്ത ചുമരുകൾ വളർന്നു വരുന്ന മകളുടെ പ്രായത്തെക്കുറിച്ച് മോഹനനെ എപ്പോഴും ഓർമ്മിപ്പിക്കുന്നു.

തിണ്ണപ്പുറത്തു കയറ്റിവെച്ചിരിക്കുന്ന ജോർജ്ജിന്റെ മുഷിഞ്ഞു പഴകിയ വലിയ പ്ലാസ്റ്റിക് ബാഗ് മോഹനന്റെ കണ്ണിൽപെട്ടു. ഇങ്ങനെ പതിവില്ലാത്തതാണ്. ബാഗ് വെച്ചുപോയാൽ രാത്രി കുടണയാനെത്താറുണ്ട്. ഇതിപ്പോൾ മൂന്നാലുദിവസമായി.

മഴയും വെയിലും കൊള്ളേണ്ടെന്നു കരുതി മോഹനൻ അതെടുത്ത് ചായ്പിലിറക്കി വെക്കാനൊരുങ്ങി. മുടിഞ്ഞ ഭാരമെന്നു പിറുപിറുത്ത് ബാഗ് തള്ളിയിറക്കിയതും ചെരിഞ്ഞുവീണ ബാഗിൽനിന്ന് മറ്റുപലതുകളുടേയും കൂട്ടത്തിൽ പുതുമമങ്ങാത്ത ഒരു പുസ്തകവും നിലത്തുവീണു. പത്രകടലാസുകൊണ്ട് പൊതിഞ്ഞു ഭദ്രമാക്കിയിട്ടുണ്ട്.

മോഹനൻ അലസമായി പുസ്തകമെടുത്തു തുറന്നു. ഡയറിയാണ്. ആദ്യ പേജിൽതന്നെ 'ഡയറി 2019' എന്ന് അച്ചടിച്ചുവെച്ചിരിക്കുന്നു.

മദ്യപിച്ചു ലക്കുകെട്ട രാത്രികളിൽ ഉറക്കമിളച്ചിരുന്ന് എഴുതിപിടിപ്പിക്കാറുള്ളത് മോഹനന് ഓർമ്മവന്നു. താനടക്കം എത്രപേരാണ് ഇതിന്റെ പേരിൽ ജോർജ്ജിനെ പരിഹസിക്കാറുള്ളതെന്ന് അയാളോർത്തു.

ഒരിക്കലൊന്നു വായിക്കാൻ ചോദിച്ചപ്പോളവൻ മെക്കട്ട് കേറാൻ വന്നു. മറ്റൊരാളുടെ ഡയറി വായിക്കാൻ ചോദിക്കുന്നത് എരണംകെട്ട ഏർപ്പാടാണെന്നൊരു ഉപദേശവും. ഇന്നിതൊന്നു വായിച്ചു നോക്കിയിട്ടു തന്നെ കാര്യം.

മോഹനൻ ഡയറി മറിച്ചു നോക്കി. ഒറ്റനോട്ടത്തിൽ മനസ്സിലാകാത്തവിധം കുനുകുനെ കുത്തിക്കുറിച്ചിട്ടിരിക്കുകയാണ്. കണ്ണാടയില്ലാതെ പറ്റില്ല. മോഹനൻ അകത്തുപോയി കണ്ണടയെടുത്തുവന്നു.

തീയതി ക്രമത്തിലല്ല എഴിതിയിരിക്കുന്നത്. തുടക്കത്തിൽ തങ്ങൾക്കൊപ്പം കൂട്ടാനായി മുന്നാമനായി കൂട്ടിക്കൊണ്ടുവന്ന പവനെക്കുറിച്ചാണ്. പവൻ വന്നദിവസം മോഹനന്റെ ഓർമ്മയിൽ തെളിഞ്ഞു. മലയാളം എട്ടും പൊട്ടും തിരിയില്ലായിരുന്നു. താനും ജോർജ്ജും മുന്നയും കിഷോറുമൊക്കെക്കൂടിയാണ് അത്യാവശ്യം വാക്കുകൾ പഠിപ്പിച്ചെടുത്തത്. ഒപ്പം ജോർജ്ജിന്റേയും മുന്നയുടേയും വക കുറച്ച് മുത്തൻ തെറിവാക്കുകളും. പിന്നീട് മലയാളം പരിചയിച്ചപ്പോഴാണ് പയ്യൻ ചമ്മിയത്. ഒന്നു രണ്ടു പേരുടെ കയ്യിൽ നിന്ന് മര്യാദ ആട്ടുകിട്ടുകയും ചെയ്തു. ഒടുവിലെന്താ ഭാഷ പഠിച്ചതും പഠിപ്പിച്ചതും വിനയായി. ചെക്കൻ കുലികൂടുതലിന് വേറെ താവളത്തിൽ ചേക്കേറി. പൊറുക്കാനൊരിടമൊരുക്കിക്കൊടുത്തതും ഒരു കൈവേല ശീലിപ്പിച്ചെടുക്കാൻ പണിപ്പെട്ടതുമൊക്കെ സ്വാഹ! നല്ല തടിമിടുക്കും വകതിരിവും മലയാളി പ്രകൃതവുമുള്ള ചെക്കനെ ഉറപ്പിച്ചു നിർത്തിയാൽ ഗുണമുണ്ടായേനെ...

പാഴ്വിചാരങ്ങൾ വിട്ട് മോഹനൻ വീണ്ടും ഡയറിയിലേക്കു തിരിഞ്ഞു. കുറേയധികം പുറങ്ങളിൽ ഭാര്യയുടേയും മക്കളുടേയും പേരുകൾക്കുറിച്ച് താഴെ ഓരോരോ കണക്കുകളും ദൈവങ്ങളുടെ പേരു പറഞ്ഞുള്ള പ്രാർത്ഥനാ വചനങ്ങളും.

കുടുംബത്തെക്കുറിച്ച് പറയാനിഷ്ടപ്പെടാത്ത ജോർജ്ജിനെക്കുറിച്ച് പലർക്കും തെറ്റിദ്ധാരണകളായിരുന്നു. മീനാക്ഷിയടക്കം ചുറ്റുവട്ടത്തുള്ള പെണ്ണുങ്ങളുടെയിടയിലാണെങ്കിൽ സ്ത്രീവിരോധിയെന്നൊരു വിശേഷണവും. പക്ഷെ തന്നോടൊരിക്കൽ പറയുകയുണ്ടായിട്ടുണ്ട്, കുടുംബത്തേയും കുട്ടികളേയും നാടുവിട്ടോടാനുണ്ടായ സാഹചര്യങ്ങളെയും കുറിച്ച്. വളരെ മുമ്പാണ്, കൂടെ പണിക്കുകൂട്ടിയ ആദ്യനാളുകളിൽ ഒരു ട്രെയിൻ യാത്രയിൽ വെച്ച് പിന്നീടതിന്റെ തുടർവിസ്താരങ്ങളിലേക്ക് താനായിട്ടു വിഷയമെടുത്തിടുമ്പോഴൊക്കെ അനിഷ്ടം പ്രകടിപ്പിച്ചൊഴിഞ്ഞുമാറും. ഒരിയ്ക്കലോർമ്മിപ്പിക്കുകയും ചെയ്തു:

“ചേട്ടനോടല്ലാതെ മറ്റാരോടും ഞാനിതൊന്നും പറഞ്ഞിട്ടില്ല.” അതു മനസ്സിലാക്കിയ താൻ കൂട്ടത്തിലുള്ളവർ പല കഥകളും മെനഞ്ഞുകൂട്ടുമ്പോൾ അവരുടെ കൂടെ കൂടുകയല്ലാതെ കമാന്നൊരക്ഷരം പറയാനും പോയിട്ടില്ല.

മനസ്സുകൊണ്ട് കുടുംബത്തെ ഉപേക്ഷിച്ചവനല്ല ജോർജ്ജെന്ന് മുമ്പും തോന്നിയിട്ടുണ്ട്.

ഒന്നുമില്ലായ്മയിൽ നിന്ന് എന്തെല്ലാമോ വെട്ടിപിടിച്ച് പൊടുന്നനെ എല്ലാം നിലംപരിശായ കഥയാണ് ജോർജിന്റേത്. അവനോർമ്മവെക്കുമ്പോൾ കീടനാശിനികളുടെയും രാസവളങ്ങളുടെയും നിത്യേനയുള്ള സമ്പർക്കത്തിൽപ്പെട്ട് തോട്ടപ്പണിക്കാരനായ അച്ഛൻ കിടപ്പിലായി കഴിഞ്ഞിരുന്നു. ജന്മനാ അന്ധനായിരുന്ന മൂത്തജേഷ്ഠൻ ലോട്ടറി വിറ്റുകിട്ടുന്ന തുച്ഛവരുമാനം കൊണ്ടുള്ള ജീവിതം. മൂത്ത മകനെക്കുറിച്ചോർത്ത് അച്ഛനുമമ്മക്കും എന്നും ആധിയായിരുന്നു. ഒരു ദിവസം ലോട്ടറിവിൽക്കാൻ വീടുവിട്ടിറങ്ങിയ ജ്യേഷ്ഠൻ തിരിച്ചുവന്നില്ല. ആ സാധുവിന്റെ ദുർവ്വിധിയിൽ മനംനൊന്താണത്രെ അധികം താമസിയാതെ അച്ഛൻ മരിച്ചത്. അമ്മയെക്കുറിച്ചധികമൊന്നും ജോർജ് പറഞ്ഞു കേട്ടിട്ടില്ല. ഒരു പക്ഷെ അവർ മറ്റൊരു ജീവിതം കണ്ടെത്തിയതാവാം.

വലിയ താൽപര്യമൊന്നുമില്ലാതിരുന്നിട്ടും താൻ പഠിച്ച് രക്ഷപ്പെടണമെന്ന അച്ഛന്റെ ഇടക്കിടെയുണ്ടാകാ

റുള്ള ഉപദേശവും മോഹവും കണക്കിലെടുത്ത് സ്കൂളിലെ ചില ടീച്ചർമാരുടെയും മറ്റും സഹായത്തോടെ പഠിച്ചു കയറി. കോളേജ് പഠനം പൂർത്തിയാക്കാനേതാനും മാസം ബാക്കിനിൽക്കുമ്പോഴാണ് പ്രണയം മൂർച്ഛിച്ച് കൂടെ പഠിച്ചിരുന്ന ദിവ്യ എന്ന പെൺകുട്ടിയുമായി ജോർജ് ഒളിച്ചോടിയത്. പഠനം പൂർത്തിയായാൽ കമ്പനിയിൽ തന്നെ മെച്ചപ്പെട്ട ജോലിക്കുള്ള വ്യവസ്ഥയുണ്ടായിരുന്നെങ്കിലും ദിവ്യയെ മറ്റൊരാൾക്ക് വിവാഹം ചെയ്തു കൊടുക്കുന്ന സാഹചര്യമുണ്ടായപ്പോൾ ചെയ്തുപോയ സാഹസം. മറ്റാരുമില്ലാത്ത ചില മദ്യസായാഹ്നങ്ങളിൽ ചിലപ്പോഴൊക്കെ ഓർത്ത് ജോർജ് ഖേദിക്കുന്നതു കണ്ടിട്ടുണ്ട്.

ദിവ്യ കാശുള്ള വീട്ടിലെയായിരുന്നതിനാൽ പോരുമ്പോൾ കുറെ കാശും പണ്ടവും കൊണ്ടുപോന്നിരുന്നു. അതു വെച്ചൊരു കിടപ്പാടവും തൊഴിലും കണ്ടെത്തി. ചെറിയ തോതിലുള്ള റബ്ബർ കച്ചവടത്തിലായിരുന്നു തുടക്കം. അന്യനാട്ടിലുള്ള വലിയ വലിയ കമ്പനിക്കാരുമായുള്ള [illegible] കച്ചവടത്തിലേക്കതു വളർന്നു. വീടും കുടുംബവും ജീവിതവുമെല്ലാം മെച്ചപ്പെട്ടതായി.

മലവെള്ളപ്പാച്ചിൽ പോലെ വന്നെത്തിയ വിലയിടവിൽ പിടിച്ചുനിൽക്കാനായില്ല. വിലനിലവാരം നാൾക്കുനാൾ കീഴ്പോട്ടിറങ്ങിയതോടെ കൂട്ടിവെച്ച സ്റ്റോക്കിൽ ഭീമമായ ബാധ്യത. ഒന്നൊന്നായി വിറ്റുപെറുക്കി പിടിച്ചുനിൽക്കാനുള്ള അവസാനശ്രമവും പാളിയതോടെ കുടുംബജീവിതവും താറുമാറായി. ജീവിതം വഴിമുട്ടിയ ജോർജിനെ ഉപേക്ഷിച്ച് രണ്ടു കുഞ്ഞുങ്ങളേയും കൂട്ടി ദിവ്യ അവളുടെ വീട്ടിലേക്കു തിരിച്ചുപോയി.

ഇരുചെവി അറിയാതെ എല്ലാം ഇട്ടെറിഞ്ഞുള്ള പലായനത്തിലാണ് ജോർജ്ജിവിടെ വന്നുപെട്ടത്. വലിയവനായി ദിവ്യയുടെ വീട്ടിൽ കയറിച്ചെന്ന് അവളേയും കുട്ടികളേയും ഇറക്കിക്കൊണ്ടുവരുന്ന ഒരു ദിവസത്തെക്കുറിച്ചാണ് താനെന്നും ചിന്തിക്കാറുള്ളതെന്ന് വിളറിയ ചിരിയോടെ ഒരിക്കൽ ജോർജ് പറഞ്ഞിരുന്നു.

"അച്ഛാ ഞാൻ പൂവാ..."

ചിന്തയിൽ നിന്നുണർന്ന് മോഹനനൻ മോളുടെ നേരെ തല ഉയർത്തി.

"നീയിന്നു പോ....നാളെ കൊണ്ടോവാം...."

നിലത്തമർത്തിച്ചവിട്ടി പ്രതിഷേധമറിയിച്ചുകൊണ്ടവൾ തിരിഞ്ഞുനടന്നു.

ജോർജ്ജിനോടു കുറച്ചു രൂപ വാങ്ങണം. നിന്നു തിരിയാൻ നയാപൈസയില്ല. മോഹനൻ മനസ്സിലുറപ്പിച്ചു.

"അയാളിന്നു വരോ?"

ഈർഷ്യകലർന്ന മീനാക്ഷിയുടെ ശബ്ദവും അലമ്പിയുള്ള വരവും കണ്ട് മോഹനൻ കണ്ണട ശരിയാക്കി ഗൗരവം ഭാവിച്ച് വീണ്ടും ഡയറിയിലേക്കു തിരിഞ്ഞു.

"അതെയ്...രാത്രി വരുമ്പൊ പറയണം. അരി കൂട്ടിടണം. അല്ലാണ്ട് ബ്ടെള്ളോര് പട്ടിണി കിടന്ന് ബാക്കീള്ളോരു തിന്നണ്ട..."

"അല്ലേലും അത്താഴത്തിനെന്തിനാങ്ങനെ അയാളെ കൂട്ടേണ്ട കാര്യം? കാശുകൊടുത്തൊരു മുറീം ചായ്പ്പും വാടകക്കെടുത്തിട്ടില്ല്യേ? അടുപ്പുണ്ട്. പിന്നെന്തിനാ ങ്ങട്ടൊരു തേർവാഴ്ച...?"

മീനാക്ഷി നിറുത്താൻ ഭാവമില്ല. മോഹനൻ ഒന്നും മിണ്ടാൻ പോയില്ല.

"നേരം വെളുപ്പാറാവുമ്പൊരു രാമായണം വായന....!"

ഡയറി വായനയെ ഒരു കുത്തുവാക്കിൽ പരിഹസിച്ച് മീനാക്ഷി തിരിച്ചുപോയി.

നന്നായി. അല്ലെങ്കിൽ പുകിലായേനെ...

കുറച്ചുനാളായി ജോർജ്ജിന്റെ പതിവിങ്ങനെയാണ്. അത്താഴമിവിടെ. ബാക്കി പുറത്ത് പോയി കഴിക്കും. അടുപ്പുണ്ടെങ്കിലും തീ പൂട്ടാറില്ല. തന്റെ മക്കളുടെ ഏതാണ്ടതേപ്രായമാണ് ജോർജ്ജിന്റെ കുട്ടികളുടെയും. പണിവെച്ച് വന്നാൽ ഒരു കുളിയൊക്കെ കഴിഞ്ഞ് ഇറക്കാലിത്തിണ്ണയിൽ വന്നിരുന്ന് പിള്ളേരോട് നാലു ലോഹ്യം പറഞ്ഞിരിക്കുക ജോർജ്ജിന്റെ ശീലമാണ്. "അവടെ ഒറ്റക്ക് മുനിഞ്ഞുടിയിരുന്നാൽ ശ്വാസം മുട്ടും..." എന്നൊക്കെ ന്യായം പറയുമെങ്കിലും ഒരു കുടുംബജീവിതത്തിന്റെ ചൂടും ചൂരുമൊക്കെ അനുഭവിക്കാനുള്ള ദാഹമാണ് അതിന്റെ പിന്നിലെന്ന് തനിക്കറിയാം. അതറിഞ്ഞുകൊണ്ടാണ് അത്താഴം ഒന്നിച്ചാക്കിയ

ത്. ഇതൊക്കെയുണ്ടോ അവൾക്കു പറഞ്ഞാൽ മനസ്സിലാവുന്നു! മോഹനൻ ഡയറിയിലേക്കു ശ്രദ്ധ തിരിച്ചു.

പിന്നീടുള്ള പേജുകളിൽ തീയതി കുറിച്ചിട്ടുണ്ടായിരുന്നു. അന്നന്ന് കിട്ടുന്ന കൂലിയുടെയും ചിലവുകളുടേയും കണക്കുകൾ. ഈയിടെയായി മദ്യനാനൗഹനങ്ങളൊഴിവാക്കിയതും താമസസ്ഥലത്തിന്റെ പത്ത് വാടക കടം വരുത്തിയതും പതിവായി ഭക്ഷണം കഴിക്കാറുള്ള ഹോട്ടലിൽ മാസപ്പറ്റ് കുടിശ്ശിക നിർത്തിയതുമെല്ലാം മോഹനന്റെ മനസ്സിൽ തെളിഞ്ഞു. എന്തു വട്ടിപ്പണിയാണേലും തേടിപ്പിടിച്ച് കൂലിക്കാശൊപ്പിക്കുന്ന ജോർജ്ജ് ആർക്കെങ്കിലും വല്ല തിരിമറിക്കും നിന്നിട്ടുണ്ടായിരിക്കുമോ. എത്തും പിടിയും കിട്ടാത്ത രീതിയിലുള്ള കുറെ വരികൾക്കിടയിലൊരിടത്ത് ജോർജ്ജിന്റെയും മോളു ദിവ്യയുടേയും വിലാസം രേഖപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ചു കഴിഞ്ഞപ്പോഴാണ് തന്നോടു പറഞ്ഞിട്ടുള്ള കഥയിലെ സ്ഥലപ്പേരുകൾ കളിപ്പീരായിരുന്നുവെന്ന് മോഹനനു മനസ്സിലായത്. പേജുകൾ മറിച്ചുകൊണ്ടിരിക്കെ ഇടയിലൊരു കത്ത് മോഹനന്റെ ശ്രദ്ധയിൽപ്പെട്ടു. പോസ്റ്റ് കവറിൽ നാലാക്കി മടക്കി വെച്ചിട്ടുള്ള കടലാസു നിവർത്തി മോഹനൻ കണ്ണോടിച്ചു.

ഗുരുതരരോഗം ബാധിച്ച ദിവ്യ ഏറെനാളായി ചികിത്സയിലാണെന്നും ഇനിയും ആശുപത്രി ചിലവ് താങ്ങാൻ കഴിയാത്തവിധം കയ്യിലുള്ളതെല്ലാം ചിലവഴിച്ചു കഴിഞ്ഞെന്നും ഇനിയവളുടെയും കുട്ടികളുടെയും ഉത്തരവാദിത്തമേൽക്കാൻ തയ്യാറല്ലെന്നുമറിയിച്ചുകൊണ്ടുള്ള ദിവ്യയുടെ സഹോദരന്റെ കത്തായിരുന്നു അത്. താഴെയൊരിടത്ത് അവസാനം ദിവ്യയെ കൊണ്ടാക്കിയ സർക്കാരാശുപത്രിയുടെ പേരുമുണ്ട്. അമ്മയുടെ കൂടെ മക്കളേയും നിർത്തിയിട്ടുണ്ടെന്നും ഇനിയെന്തുവേണമെന്ന് തീരുമാനമെടുത്തുകൊള്ളാനൊരു താക്കീതോടുംകൂടിയാണ് കത്തവസാനിപ്പിച്ചിരിക്കുന്നത്.

"ഈശ്വര..." മോഹനൻ നെടുവീർപ്പിട്ടു.

ആയിടയ്ക്ക് തങ്ങളുടെ കോൺട്രാക്ടറുടെ കാഷ് ബാഗും മൊബൈലും കളവുപോയത് മോഹനനോർത്തു. ഒരു സെറ്റിൽമെന്റ് കഴിഞ്ഞുള്ള വരവായിരുന്നു. പണം കൂടുതലുണ്ടായിരുന്നു. അതറിയാവുന്ന കൂട്ടത്തിലാരോ ആണ് കള്ളനെന്നായിരുന്നു പോലീസ് ഭാഷ്യം. കാലങ്ങളായി തന്നെ അറിയാവുന്ന ആളായതുകൊണ്ട് കോൺട്രാക്ടർ തന്റെ പേര് പറഞ്ഞില്ല. സെറ്റിൽമെന്റ് കഴിഞ്ഞതിന്റെ സന്തോഷം പങ്കുവെക്കാനായി പതിവുള്ള ചായക്കാശു നീട്ടുമ്പോൾ കൂടെ ജോർജ്ജുമുണ്ടായിരുന്നു. പാവം....കത്തു വായിച്ചുള്ള പുകച്ചിലിൽ എന്തെങ്കിലും അവിവേകം...

ഛെ! താനെന്തൊക്കെയാണ് ചിന്തിച്ചുകൂട്ടുന്നതെന്ന് മോഹനൻ സ്വയം ശപിച്ചു. ജോർജ്ജ് അത്തരക്കാരനല്ല. ആയിരുന്നെങ്കിൽ എല്ലുവെള്ളമാക്കുന്ന മല്ലുപിടിച്ച ഈ പണിക്ക് അയാൾ തന്റെകൂടെ കൂടില്ലായിരുന്നു

പലതരം ചിന്തകൾ മനസ്സിനെ അലട്ടാൻ തുടങ്ങിയപ്പോൾ എന്തായാലും ജോർജ്ജിനെ ഒന്നു വിളിച്ചുനോക്കാൻ മോഹനനുറപ്പിച്ചു. ആവർത്തിച്ചു വിളിച്ചിട്ടും "ഔട്ട് ഓഫ് കവറേജ് ഏരിയ..." ഇതു പതിവില്ലാത്തതാണല്ലോ എന്നു ചിന്തിച്ചിരിക്കുമ്പോൾ

"മോഹനേട്ടാ....മോഹനേട്ടാ....ഒന്നു വേഗം വന്നേ..." മീനാക്ഷിയുടെ പരിഭ്രാന്തി കലർന്ന നിലവിളി മോഹനനെ ഭയചകിതനാക്കി. മോഹനൻ അകത്തേക്കോടി.

"പട്ടിണി കിടന്ന് നുള്ളിനുറുക്കിയുണ്ടാക്ക്യ കാശാ.... കാണുന്നില്ലല്ലോ ഈശ്വരാ...."

മീനാക്ഷി അലമുറയിടുകയാണ്. തന്നെയും കുട്ടികളെയും ഒളിച്ചുവെച്ചുണ്ടാക്കിയ സ്വകാര്യ സമ്പാദ്യം! മീനാക്ഷി ഭ്രാന്തുപിടിച്ചപോലെ എല്ലാം വലിച്ചിട്ടു തിരച്ചിൽ തുടർന്നു.

"അയ്യോ....എന്റെ നാഗപടത്താലി..." അതൊരാർത്തനാദമായിരുന്നു.

കെട്ടിക്കൊണ്ടുവരുമ്പോഴുണ്ടായിരുന്നതിൽ ഏറ്റവും മുന്തിയത്...

അമ്മൂമ്മയിൽനിന്ന് അമ്മക്കും അവരിലൂടെ മീനാക്ഷിക്കും കൈമാറിക്കിട്ടിയ സമ്പത്ത്. തലമുറ കൈമാറ്റത്തിനു കോട്ടം തട്ടാതെ, നമുക്കൊരു പെൺകുഞ്ഞു പിറന്നാൽ അവളെ പടിയിറക്കുമ്പൊഴെ പുറത്തെടുക്കൂ എന്നും പറഞ്ഞ് അന്നേ പൂട്ടി ഭദ്രമാക്കി വെച്ചത്. ഒരു വീടു മെനഞ്ഞുണ്ടാക്കാനുള്ള തത്രപ്പാടിൽ ഇതൊഴിച്ചുള്ളതെല്ലാം ഉരുക്കിവിൽക്കാൻ മടികൂടാതെയവൾ അഴിച്ചു തന്നിരുന്നു.

എല്ലാം പോയല്ലോയെന്നും പറഞ്ഞ് മീനാക്ഷി മോഹാലസ്യപ്പെട്ടു. ഒച്ചയും ബഹളവും കേട്ട് ഓടിയെത്തിയ അയൽക്കാർ മീനാക്ഷിയെ നിലത്തുവീഴാതെ താങ്ങി.

അമ്പരപ്പിൽ നിന്നുണർന്ന മോഹനന്റെ മനസ്സിലൂടെ പലതരം ചിന്തകൾ കടന്നുപോയി. കയ്യിലുണ്ടായി

രുന്ന ഡയറിയിൽ മുറുകെ പിടിച്ച് പതിയെ ജോർജ്ജിന്റെ ബാഗിരുന്നിടത്തേക്കു നീങ്ങി.

മദ്യം തലക്കു പിടിച്ചാലുള്ള പേക്കൂത്തുകൾക്കിടയിൽ ജോർജ്ജ് പലതവണ പറഞ്ഞിട്ടുള്ളൊരു വാചകം മോഹനന്റെ മനസ്സിൽ തള്ളിവന്നു.

"പണത്തിനു മുമ്പിൽ ബന്ധങ്ങളൊന്നും ഒന്നുമല്ല. എന്നാൽ ബന്ധങ്ങൾക്കു മുന്നിൽ പണമാണ് എല്ലാലും വലുത്...."

മോഹനൻ ആശുപത്രി കട്ടിലിൽ നിരാലംബയായി കിടക്കുന്ന ജോർജ്ജിന്റെ ഭാര്യയെയും പാകമെത്താത്ത കുട്ടികളേയും മനസ്സിൽ സങ്കൽപ്പിച്ചു.

മീനാക്ഷിയുടെ വീണ്ടുമുയർന്നു തുടങ്ങിയ ആക്രോശങ്ങൾ മോഹനനെ ഉണർത്തി. അധികം വൈകാതെ ജോർജ്ജിന്റെ അസാന്നിദ്ധ്യം വിഷയമാവും....മോഹനനോർത്തു.

എന്തോ തീരുമാനച്ചുറച്ചപോലെ മോഹനൻ നിലത്തുകുത്തിയിരുന്ന് ബാഗിനകം പരതി. തന്റെ കയ്യിലിരിക്കുന്ന ഡയറിയല്ലാതെ മറ്റൊരു കുറിമാനവും ഉള്ളിലില്ലെന്നുറപ്പുവരുത്തി. പിന്നിൽ പിന്തുടർന്നുവരുന്ന പാദചലനങ്ങൾ തിരിച്ചറിഞ്ഞ മോഹനൻ ഡയറിയിൽനിന്ന് ജോർജ്ജിന്റെ വിലാസമെഴുതിയ താൾ വലിച്ചുകീറിയെടുത്ത് വായിലിട്ടു ചവച്ചു. കൂട്ടത്തിൽ ആ കത്തും...


"നിങ്ങടെ ചെങ്ങാതിയെവിടെന്ത്യേ....? അയാളെവിടത്തുകാരനാ?"


അയലത്തുള്ള ഉദ്യോഗം പിരിഞ്ഞ പോലീസുകാരനാണ്...


"ഞാനതു തിരയുകയായിരുന്നു." എന്നുപറഞ്ഞ് മോഹനൻ എഴുന്നേറ്റുനിന്നു. വായിൽ കുതിർന്ന കടലാസുകൂട്ട് ആരുടെയും ശ്രദ്ധയിൽപ്പെടാതെ പണിപ്പെട്ട് വിഴുങ്ങിക്കൊണ്ടിരിക്കെ മകളുടെ മാംഗല്യത്തിന് മാനം കാട്ടാത്ത മയിൽപ്പീലി പോലെ അമ്മ കരുതിവെച്ച അമൂല്യസമ്പത്തും അരപ്പട്ടിണി കിടന്നുണ്ടാക്കിയ ഭാര്യയുടെ സ്വകാര്യ സമ്പാദ്യവുമൊന്നും മോഹനന്റെ മനസ്സിനെ അലട്ടിയില്ല.













By.





Shreyas.S



# നേട്ടങ്ങളിലേക്ക് ഒരു എത്തിനോട്ടം ...

സംസ്ഥാന മേളകളിൽ പാലക്കാടിന് കിരീടങ്ങൾ നേടിക്കൊടുക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പൊതു വിദ്യാലയമാണ് ടി ആർ കെ. ഭൗതിക സാഹചര്യങ്ങളോടൊപ്പം മികച്ച അക്കാദമിക നിലവാരവും പഠ്യേതര മേഖലകളിലെ പ്രോത്സാഹനവും സ്കൂൾ ഉറപ്പുതരുന്നു.

സംസ്ഥാനത്തെ ഏറ്റവും മികച്ച ഗണിത വിദ്യാലയം, സൗത്ത് സോൺ മത്സരങ്ങൾക്ക് വേണ്ടി ചെന്നൈയിലേക്ക് ... എൻ സി സി കേഡറ്റ് ശ്യാം കൃഷ്ണൻ റിപ്പബ്ലിക് ഡേ പരേഡിനായി ഡൽഹിയിലേക്ക് ... ദേശീയ തലത്തിൽ മത്സരിച്ച അത്‌ലറ്റുകൾ, ഖേലോ ഇന്ത്യ സെലക്ഷൻ കിട്ടിയ അതുൽ ജോൺ മാത്യു , സാഹിത്യ അവാർഡുകൾ കരസ്ഥമാക്കിയ ഗോകുൽ വിനായക്, ക്വിസ് മത്സരങ്ങളിലെ സംസ്ഥാന തല ജേതാവ് നിരഞ്ജൻ കൃഷ്ണ, പാലക്കാട് ജില്ലാ കലാ കായിക ശാസ്ത്ര സാഹിത്യ മേളകളിൽ എല്ലാ വിഭാഗങ്ങളിലും ഏറ്റവും കൂടുതൽ വിജയങ്ങൾ സ്വന്തമാക്കിയ പൊതുവിദ്യാലയം , ഒറ്റപ്പാലം സബ്ജില്ലാ കലാ കായിക ശാസ്ത്ര സാഹിത്യ മേളകളിൽ വർഷങ്ങളായി നിലനിർത്തുന്ന കിരീടങ്ങൾ... വിദ്യാഭ്യാസ മേഖല വിഭാവനം ചെയ്യുന്ന സമഗ്ര വിദ്യാഭ്യാസം , മികവിന്റെ കേന്ദ്രം എന്ന വാക്യത്തെ അന്വർത്ഥമാക്കുന്ന പൊതുവിദ്യാലയത്തെ നിങ്ങൾക്ക് മൂന്ന് അക്ഷരങ്ങൾ കൊണ്ട് സൂചിപ്പിക്കാം , **ടി ആർ കെ ...**

നേട്ടങ്ങളിലേക്ക് ഒരു എത്തിനോട്ടം ... (ചിത്രങ്ങൾ പൂർണമല്ല - സമയ പരിമിതി മൂലം ചിലത് മാത്രം ഉൾപ്പെടുത്തി എന്നെ ഉള്ളൂ)



# സംസ്ഥാന ഗണിതശാസ്ത്രമേള 2019

## വാണിയംകുളം ടി.ആർ.കെയ്ക്ക് നാലാം തവണയും ഒന്നാം സ്ഥാനം

കുന്നംകുളത്ത് വെച്ച് നടന്ന സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ ഹൈസ്ക്കൂൾ വിഭാഗം ഗണിത ശാസ്ത്രമേളയിൽ വാണിയംകുളം ടി.ആർ.കെ.എച്ച്.എസ് ബെസ്റ്റ് സ്കൂൾ പദവിയിൽ ഒന്നാം സ്ഥാനം നേടി.

രണ്ട് ഒന്നാം സ്ഥാനവും, ഒരു രണ്ടാം സ്ഥാനവും, ഒരു മൂന്നാം സ്ഥാനവും, മൂന്ന് 'എ' ഗ്രേഡുകളും, ഉൾപ്പെടെ 49 പോയിന്റ് നേടിയാണ് ടി.ആർ.കെ ഒന്നാം സ്ഥാനം നേടിയത്.

ജില്ലാ ഗണിത ശാസ്ത്രമേളകളിൽ തുടർച്ചയായി 11–ാം തവണയും ഒന്നാം സ്ഥാനം നിലനിർത്തുന്ന ടി.ആർ.കെ 2002,2004,2011 വർഷങ്ങളിൽ സംസ്ഥാന തലത്തിൽ ബെസ്റ്റ് സ്കൂൾ പദവിക്ക് അർഹമായിട്ടുണ്ട്.

സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ ഹൈസ്ക്കൂൾ വിഭാഗത്തിൽ നിന്ന് പങ്കെടുത്ത എട്ടു വിദ്യാർത്ഥികളും 'എ' ഗ്രേഡ് കരസ്ഥമാക്കി.

### സമ്മാനത്തിന് അർഹരായവർ

| | | |
|---|---|---|
| 1. ആദിത്യ.സി | Other Chart | ഒന്നാം സ്ഥാനം |
| 2. അമീഷ കെ.ജി & നിമിഷ.എം.നായർ | Group Project | ഒന്നാം സ്ഥാനം |
| 3. അനശ്വര.ഇ.കെ | Single Project | രണ്ടാം സ്ഥാനം |
| 4. സാഹിറ.എ.ടി | Game | മൂന്നാം സ്ഥാനം |
| 5. ആയിഷ.ടി.എം | Working Model | 'എ' ഗ്രേഡ് |
| 6. നയൻ താര.പി.വി | Applied Construction | 'എ' ഗ്രേഡ് |
| 7. ത്വാഹിറ.എ.ടി | Number Chart | 'എ' ഗ്രേഡ് |

വിദ്യാലയത്തിലെ ഗണിത അധ്യാപകരുടെയും, ഗണിതക്ലബിലെ പൂർവ്വ വിദ്യാർത്ഥികളുടേയും നേതൃത്വത്തിലുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് ടി.ആർ.കെ ഗണിത ക്ലബ്ബിന്റെ വിജയത്തിന് അടിസ്ഥാനം.

സംസ്ഥാന മേളകളിലെ മികച്ച വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നടത്തുന്ന ദക്ഷിണേന്ത്യൻ ശാസ്ത്രമേളകളിൽ ടി.ആർ.കെ യിൽ നിന്ന് നിരവധി വിദ്യാർത്ഥികൾ പങ്കെടുത്ത് സമ്മാനത്തിന് അർഹമായിട്ടുണ്ട്.




സംസ്ഥാന
ഗണിതശാസ്ത്രമേള
2019 ൽ 49 പോയിന്റ്
നേടി ഹൈസ്കൂൾ
വിഭാഗം ബെസ്റ്റ്
സ്കൂൾ പദവി നേടിയ
വാണിയംകുളം
ടി.ആർ.കെ ടീം
സമ്മാനത്തിന് അർഹരായവർ
ആദിത്യ.സി
Other Chart
അമീഷ കെ.ജി
Group Project
നിമിഷ.എം.നായർ
Group Project
അനശ്വര.ഇ.കെ
Single Project
സാഹിറ.എ.ടി
Game
മൂന്നാം സ്ഥാനം


RUNNERS


അഭിനന്ദനം
പഞ്ചാബിൽ വെച്ച് നടക്കുന്ന ദേശീയ സ്കൂൾ
കായിക മേളയിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന
ടി.ആർ.കെ യുടെ ദിജിത്. എ & വിദ്യ കെ.കെ
നാഷണൽ സ്കൂൾ
ബാഡ്മിന്റൺ ടൂർണമെന്റിലേക്ക്
തിരഞ്ഞെടുക്കപ്പെട്ട
അതുൽജോൺ മാത്യു
സംസ്ഥാന സ്കൂൾ
കായികമേളയിൽ
സ്വർണ്ണം നേടിയ 4x100
റിലേ ടീമംഗമായ ശരത് ടി.കെ
അഭിനന്ദനങ്ങളോടെ....
ടി.ആർ.കെ. കുടുംബം


ദേശീയ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ
വെങ്കല മെഡൽ നേടിയ
അതുൽജോൺ മാത്യു
ദേശീയ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ
സബ് ജൂനിയർ വിഭാഗത്തിൽ
കേരളത്തെ പ്രതിനിധീകരിക്കുന്ന
മുഹമ്മദ് റസൽ
അഭിനന്ദനങ്ങളോടെ....
ടി.ആർ.കെ. കുടുംബം




# ഖേലോ ഇന്ത്യ സെലക്ഷൻ കിട്ടിയ അതുൽ ജോൺ മാത്യു




റവന്യു ജില്ല സ്ക്കൂൾ കായികമേളയിൽ
ജേതാക്കളായ ടി.ആർ.കെ യുടെ
താരങ്ങൾക്ക്
അഭിനന്ദനങ്ങൾ
സ്റ്റാഫ് & പി.ടി.എ



## സ്കൂൾ ഫുട്ബോൾ ടീമുകൾ







റിപ്പബ്ലിക് ദിന ക്യാമ്പ്
ജനുവരി - 2020
ഡൽഹിയിൽ നടക്കുന്ന
ഈ വർഷത്തെ റിപ്പബ്ലിക് ദിന ക്യാമ്പിൽ
കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന
വാണിയംകുളം TRKHSS ലെ
NCC കേഡറ്റ് SGT ശ്യാംകൃഷ്ണന്
അഭിനന്ദനങ്ങൾ
TRKHSS VANIAMKULAM
28 KERALA BN NCC OTTAPALAM


ആർദ്ര.എസ്
ഗൗതം.ജി.കുറുപ്പ്
ഒറ്റപ്പാലം സബ് ജില്ലാതല NuMATS പരീക്ഷയിൽ
ജനറൽ വിഭാഗത്തിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ നേടി
ജില്ലാ തലത്തിലേക്ക് യോഗ്യത നേടിയ വാണിയംകുളം
ടി.ആർ.കെയിലെ പ്രതിഭകൾ


ഈ വർഷത്തെ സംസ്ഥാന
വിവിധ മേളകളിൽ
വിജയം കൈവരിച്ച
ടീം ടി.ആർ.കെ
ജില്ലാ സ്കൂൾ കലോത്സവത്തിൽ
പൊതുവിദ്യാലയങ്ങളിൽ ജില്ലയിൽ
ഒന്നാം സ്ഥാനം നേടിയ സ്കൂൾ
ടീം ടി.ആർ.കെ
വിജയികൾക്ക്
അഭിനന്ദനങ്ങൾ
മാനേജ്മെന്റ്, സ്റ്റാഫ്, പി.ടി.എ




ഇത്തവണയും ഹൈസ്കൂൾതല ശാസ്ത്രമേളയിൽ
അഗ്രിഗേറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ടീം ടി.ആർ.കെ
HS SCIENCE TEAM - AGGREGATE FIRST


സമന്വയ
സമന്വയ
കഥാപുരസ്കാരം 2019


HS/HSS വിഭാഗം
ശ്രീ. ഗോകുൽ വിനായക്
TRKHSS വാണിയംകുളം


K.H
WINNER
AKSHARAMUTTAM QUIZ FESTIVAL 2019
7500/-
nucleus

' kytoon ' എന്ന കാറ്റിലുലയാത്ത പട്ടങ്ങളെ പോലെ ഭംഗിയോടൊപ്പം ആസ്വാദനവും അറിവും നൽകുന്ന ഒരു പതിപ്പിനായുള്ള പ്രയാണം പൂർണ്ണതയെത്താത്തതിന്റെ കിതപ്പ്... എങ്കിലും തിരിഞ്ഞു നോക്കുമ്പോൾ തിരിച്ചറിയുന്നു, വേഗതയുണ്ടെന്നു അഹങ്കരിച്ച് മാറ്റി വച്ച ദിനങ്ങൾ, തിരഞ്ഞു വച്ച് വേണ്ടപ്പോൾ കാണാതെപോയ ഫയലുകൾ, ഉറക്കം തൂങ്ങിയതിൽ താളം തെറ്റിയ ചട്ടക്കൂട്ടുകൾ,.. സാരമില്ല കൂട്ടരേ, അടുത്ത പതിപ്പിന് മികവേകാൻ ഈ തിരിച്ചറിവുകൾ വഴിവിളക്കാക്കാം... **നിറഞ്ഞ സ്നേഹമുണ്ട്, എല്ലാവരോടും** .... വിമർശനങ്ങൾക്ക്, രചനകൾക്ക്, പ്രോത്സാഹനങ്ങൾക്ക്, സഹകരണങ്ങൾക്ക്,.. ഓരോരുത്തരെയും ഹൃദയത്തോട് ചേർത്തുവയ്ക്കുന്നു.

***മാഗസിൻ കമ്മിറ്റി***
***ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ടി ആർ കെ***

*(അദ്വൈത് എസ് നായർ , അനന്തു എസ് മാധവ്, അമൽ കൃഷ്ണൻ കെ ആർ , അച്യുത് കൃഷ്ണ, ഹിബ മറിയം, ആദിനാഥ്, അഭിഷേക് കൃഷ്ണ, ശ്രേയ )*